(എഫ്) ക്ഷേത്രപ്രവേശനവിളംബരം പ്രസക്തിയും പ്രയോജനവും എന്നതിന്റെ 5,000 കളർ ബ്രോഷർ ഗവൺമെന്റ് പ്രസ്സിൽ നിന്നും അച്ചടിച്ചതിലേക്ക് ഡി.റ്റി.പി. സിസൈനിംഗ് ഫിലിം തയ്യാറാക്കൽ എന്നീ ചെലവുകൾക്കായി ആകെ 2,750 രൂപ ചെലവായി.

(ജി) പ്രസ്തുത പ്രസിദ്ധീകരണത്തിന്റെ ഏതാനും പ്രതികൾ 13-11-2003-ന് സമ്മേളന ഹാളിൽ വച്ച് വിതരണം നടത്തുകയുണ്ടായി. ബാക്കിയുള്ള പ്രതികൾ ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ മുഖേന വിതരണം ചെയ്തുവരുന്നു.

വ്യാജ ജാതിസർട്ടിഫിക്കറ്റ് നേടി ജോലി സമ്പാദിച്ചവർ

123 [1809] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിർത്താഡിന്റെ അന്വേഷണത്തിൽ വ്യാജ ജാതിസർട്ടിഫിക്കറ്റ് നേടി ജോലി സമ്പാദിച്ചവർ ആരെല്ലാം;

(ബി) ഇപ്പോൾ എത്ര പേർക്കെതിരായി അന്വേഷണം നടക്കുന്നുണ്ട്; അന്വേഷണം പൂർത്തിയായി നടപടി സ്വീകരിച്ചത് എത്ര;

(സി) അന്വേഷണത്തിൽ വ്യാജ ജാതിസർട്ടിഫിക്കറ്റ് കൊണ്ട് ജോലി നേടി എന്ന് തെളിഞ്ഞിട്ടും നടപടി സ്വീകരിക്കാത്തത് ആരുടെയെല്ലാം പേരിലാണ്; ഇവർ ഏതെല്ലാം തസ്തികകളിൽ ഏതെല്ലാം വകുപ്പുകളിൽ ജോലി ചെയ്തു വരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്വേഷണത്തെ ബാധിക്കുമെന്നുള്ളതിനാൽ പേരുവിവിരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ബി) മുന്നൂറ് പേർക്കെതിരായി അന്വേഷണം നടക്കുന്നുണ്ട്. 30 കേസുകളിൽ അന്വേഷണം പൂർത്തിയായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അന്വേഷണത്തിൽ വ്യാജ ജാതിസർട്ടിഫിക്കറ്റ് കൊണ്ട് ജോലി നേടിയെന്ന് തെളിഞ്ഞിട്ടും ആരുടേയും പേരിൽ ഇതേവരെ നടപടി സ്വീകരിക്കാതിരുന്നിട്ടില്ല. എന്നാൽ പല കേസുകളിലും വിവിധ കോടതികളുടെ പരിഗണനയിലിരിക്കുന്നതുകൊണ്ട് നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പേരുവിവരങ്ങൾ അന്വേഷണത്തെ ബാധിക്കുമെന്നുള്ളതുകൊണ്ടും പൊതുതാൽപര്യം മുൻനിറുത്തിയും വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly